IT

Starred & Unstarred on 28-06-2013

**പതിമൂന്നാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 423 — 28/06/2013-ൽ മറുപടിയ്ക്ക്

## ഇളനീർ വിപണനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. ഉബൈദുള്ള<br>,, വി. എം. ഉമ്മർ മാസ്റ്റർ<br>,, പി. ബി. അബ്ദുൾ റസാക്<br>,, കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. **കെ.പി.മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) ഇളനീരിനെ സംസ്ഥാനത്തിന്റെ ഔദ്യോഗിക പാനീയമാക്കി പ്രഖ്യാപിച്ചിട്ടുണ്ടോ | എ) ബഹു ധനകാര്യ വകുപ്പ് മന്ത്രി ശ്രീ.കെ.എം.മാണി, 2012 മാർച്ച് 19-ാം തീയതി നടത്തിയ ബഡ്ജറ്റ് 2012-13 പ്രസംഗത്തിൽ നാളികേര കൃഷി ലാഭകരമാക്കുന്നതിന്റെ ഭാഗമായി ഇളനീരിനെ കേരളത്തിന്റെ ഔദ്യോഗിക പാനീയമായി പ്രഖ്യാപിച്ചിട്ടുണ്ട്. |
| ബി) എങ്കിൽ ഇളനീരിന്റെ ഉല്പാദന വിതരണ മേഖലകൾ വികസിപ്പിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | ബി) കാർഷിക സർവ്വകലാശാല ഇളനീർ വിപണനം പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടിയുള്ള ഗവേഷണ പ്രവർത്തനം നടത്തിയിട്ടുണ്ട്. ഇളനീർ ലഘു സംസ്ക്കരണം എന്ന സാങ്കേതിക വിദ്യ ഉപയോഗിച്ച് ഇളനീരിന്റെ വലുപ്പം കുറച്ച് 24 ദിവസം വരെ $5^0$-$7^0$ സെൽഷ്യസ് താപനിലയിൽ കേടുകൂടാതെ സൂക്ഷിക്കാം എന്നും കണ്ടെത്തിയിട്ടുണ്ട്. വിതരണ മേഖലയിലെ പ്രോത്സാഹനങ്ങൾ നാളികേര വികസന ബോർഡ് വഴി നടപ്പിലാക്കി വരുന്നു. |
| സി) ഇളനീർ പ്രോസസ് ചെയ്ത് വിപണനം നടത്തുന്ന എത്ര യൂണിറ്റുകൾ പ്രവർത്തന ക്ഷമമായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | സി) ഇളനീർ പ്രോസസ് ചെയ്ത് വിപണനം നടത്തുന്ന യൂണിറ്റുകൾ ഇതിനകം സംസ്ഥാനത്ത് പ്രവർത്തനമാരംഭിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**